പതിമുന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3380 29/01/2014- ൽ മറുപടിക്ക്

കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തുതുകയുടെ മരുന്നുവാങ്ങി എന്ന് വ്യക്തമാക്കുമോ; | (എ) കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പിനുള്ള വാക്സിൻ കേന്ദ്രസർക്കാർ സൗജന്യമായി നൽകുകയാണ് ചെയ്യുന്നത്. |
| (ബി) ഏതു കമ്പനിയുടെ എത്ര അളവിലുള്ള മരുന്നുകൾ വാങ്ങി എന്നും അതിൽ എത്ര ഉപയോഗിച്ചു എന്നും വിശദമാക്കാമോ; | (ബി) ദേശീയ ക്ഷീരവികസന ബോർഡിന്റെ സബ്സിഡിയറി യൂണിറ്റായ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനം ഉല്പാദിപ്പിച്ച് 28 ലക്ഷം ഡോസ് വാക്സിൻ കഴിഞ്ഞ രണ്ട് തവണകളിലായി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുകയും അതിൽ 26,51,391 ഡോസ് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) കുളമ്പുരോഗ പ്രതിരോധ മരുന്നുകൾ നിലവാരമില്ലാത്തതാണെന്നതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) കുളമ്പുരോഗ പ്രതിരോധ മരുന്നുകൾ നിലവാരമില്ലാത്തതാണെന്നതു സംബന്ധിച്ച റിപ്പോർട്ടില്ല. |

സെക്ഷൻ ഓഫീസർ